**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 310** **16-09-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ഭക്ഷ്യ പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിൽ ഭക്ഷ്യ പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിന് 2021 വർഷം മുതൽ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | 1965 മുതൽ സാർവ്വത്രികമായ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിന്ന കേരളത്തിൽ NFSA നിയമം നടപ്പാക്കപ്പെട്ടതോടെ ആകെ ജനസംഖ്യയുടെ 57% ജനങ്ങളും റേഷൻ കവറേജിന് പുറത്തായി. എന്നാൽ കേരള സർക്കാർ ഈ മുൻഗണനേതര വിഭാഗത്തിന് ലഭിക്കുന്ന പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യം നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority subsidy) കാർഡിൽ ഉണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും, വെള്ള (Non Priority non-subsidy) കാർഡിൽ ഉൾപ്പെട്ട ഉണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണംചെയ്യുന്നു.<br><br>പൊതുവിതരണ മേഖല ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 2021 ന് ശേഷം കുറ്റ്യാടി മണ്ഡലത്തിൽ വില്ല്യാപള്ളി, ആയഞ്ചേരി, മണിയൂർ പഞ്ചായത്തുകളിലായി 04 പുതിയ റേഷൻ കടകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.<br><br>1. FPS 263 ബാങ്ക് റോഡ് (വില്ല്യാപള്ളി പഞ്ചായത്ത്)<br><br>2. FPS 265 കുട്ടങ്ങാനം (ആയഞ്ചേരി പഞ്ചായത്ത്)<br><br>3. FPS 266 മൂക്കടത്തുംവയൽ (വില്ല്യാപള്ളി പഞ്ചായത്ത്),<br><br>4. FPS 267 ഉറശ്ശേരിമുക്ക് (മണിയൂർ പഞ്ചായത്ത്)<br><br>കൂടാതെ റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കട |

| | | | |
|---|---|---|---|
| | | | ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി<br><br>നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യൂടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്.<br><br>കുറ്റ്യാടി മണ്ഡലത്തിൽ നിലവിൽ 08 കെ-സ്റ്റോറുകൾ പ്രവർത്തിച്ച് വരുന്നു. കൂടുതൽ റേഷൻകടകളെ കെ-സ്റ്റോറുകൾ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. നിലവിലെ കെ- സ്റ്റോറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) ആയഞ്ചേരി പഞ്ചായത്ത്- 2 ( FPS 89, 90)<br><br>2) മണിയൂർ പഞ്ചായത്ത് - 01 ( FPS 113)<br><br>3) വേളം പഞ്ചായത്ത് - 01 ( FPS 257)<br><br>4) കുന്നുമ്മൽ പഞ്ചായത്ത്- 03 ( FPS 185, 191, 231)<br><br>5) പുറമേരി പഞ്ചായത്ത്- 01 ( FPS 145) |

സെക്ഷൻ ഓഫീസർ